LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വീടനുവദിക്കാൻ ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. ലൈഫ് പദ്ധതിയിലെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്കും ഒരു റേഷൻ കാർഡിലുൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) എല്ലാ മത്സ്യത്തൊഴിലാളികളെയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനായിട്ടുണ്ടോ?

2020-21 വർഷം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ (2,40,211) മത്സ്യത്തൊഴിലാളികളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്.

ഡാം പുനരുദ്ധാരണ വികസന പദ്ധതി

6 (*486) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡാമുകളുടെ സുരക്ഷിതത്വവും ശേഷിയും ഉറപ്പാക്കുന്നതിനായി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം പുനരുദ്ധാരണ വികസന പദ്ധതി ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം അണക്കെട്ടുകളിലാണ് നടപ്പാക്കുന്നത്; പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്ത് ഡാമുകളുടെ സുരക്ഷിതത്വവും ശേഷിയും ഉറപ്പാക്കുന്നതിനായി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം പുനരുദ്ധാരണ വികസന പദ്ധതിയിൽ ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 16 ഡാമുകൾ/ ബാരേജുകൾ/റെഗുലേറ്ററുകൾ (മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ ഡാമുകൾ, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ) എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി പദ്ധതിയിലുൾപ്പെട്ടിട്ടുള്ള 16 പ്രവൃത്തികളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ 13 ഡാമുകളുടെ പണികൾ

പൂർണ്ണമായി പൂർത്തീകരിക്കുകയും ശേഷിക്കുന്ന മൂന്ന് ഡാമുകളുടെ (നെയ്യാർ, കല്ലട, പീച്ചി) പണികൾ കൂടാതെ 16 ഡാമുകളുടെ ഇൻസ്ട്രുമെന്റേഷൻ പ്രവൃത്തികൾ, തിരുവനന്തപുരം നഗരത്തിലെ ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നിവ DRIP രണ്ടാം ഘട്ടത്തിൽ പുരോഗമിച്ചുവരുന്നു. DRIP ഒന്നാം ഘട്ട (Phase-I) പദ്ധതിയിൽ അനുമതി ലഭിച്ച 327 കോടി രൂപയിൽ നാളിതുവരെ 274.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിന് കേന്ദ്ര ജല കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ടോ; രണ്ടാംഘട്ട പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ?

6 വർഷം കാലാവധിയുള്ള (2020-26) ഡാം പുനരുദ്ധാരണ വികസന പദ്ധതിയുടെ (DRIP- Dam Rehabilitation and Improvement Project) രണ്ടാം ഘട്ടത്തിനായി കേന്ദ്ര ജല കമ്മീഷനിൽനിന്നും 240 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 22-7-2020-ലെ സ.ഉ. (സാധാ.) നം.481/2020/ജ.വി.വ. ഉത്തരവും ആയതിന്റെ പുതുക്കിയ 21-8-2020-ലെ സ.ഉ. (സാധാ.) നമ്പർ 539/2020/ജ.വി.വ. ഉത്തരവും പ്രകാരം 240 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, കാഞ്ഞിരപ്പുഴ, മലങ്കര, കല്ലട, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി, കാരാപ്പുഴ, മംഗലം എന്നീ ഡാമുകളും പഴശ്ശി, പമ്പ മണിയാർ, ഭൂതത്താൻകെട്ട് എന്നീ ബാരേജുകളുമാണ് DRIP Phase-II-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര ജല കമ്മീഷന്റെ മേൽനോട്ടത്തിൽ നടത്തുന്ന ടി പദ്ധതിയിൽ ഈ വർഷം (2021-22) നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

കുറ്റ്യാടി ഡാമിന്റെ കോൺക്രീറ്റ് സ്ലൂക്ക്ചുറിനെ ബലപ്പെടുത്തുന്ന പ്രവൃത്തികൾ, കാരാപ്പുഴ ഡാമിന്റെ പുനരുദ്ധാരണം, കാഞ്ഞിരപ്പുഴ ഡാമിന്റെ പുനരുദ്ധാരണം, ഡാം സേഫ്റ്റി ഹെഡ്ക്വാർട്ടേഴ്സിന്റെ ഇലക്ട്രിക്കൽ പണികൾ എന്നിവയുടെ ടെണ്ടർ നടപടി നടന്നുവരുന്നു. മലങ്കര, കല്ലട എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും മണിയാർ ബാരേജിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ DRIP Phase-I-ൽ പൂർത്തിയാക്കാൻ സാധിക്കാത്ത മൂന്ന് ഡാമുകളിലെ (നെയ്യാർ, കല്ലട, പീച്ചി ഡാം) ശേഷിക്കുന്ന പ്രവൃത്തികളും 16 ഡാമുകളുടെ ഇൻസ്ട്രുമെന്റേഷൻ പ്രവൃത്തികളും തിരുവനന്തപുരം നഗരത്തിലെ ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നിവയും ടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുരോഗമിച്ചുവരുന്നു. 40 കോടി രൂപയാണ് DRIP Phase-II-ന്റെ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ആശങ്കാജനകമായ അവസ്ഥയിലുള്ള മുല്ലപ്പെരിയാർ അണക്കെട്ടിനുപകരം പുതിയ അണ കെട്ടാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയത്തെപ്പറ്റിയുള്ള ആശങ്കകൾ കണക്കിലെടുത്ത് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി നിലവിലെ അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി പുതിയ അണക്കെട്ട് പണിയുന്നതിനുള്ള കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടുകൂടി പുതിയ ഡാം നിർമ്മിക്കുവാനുള്ള വിഷയം 7-5-2014-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഒ.എസ്. നമ്പർ 3/2006-ലെ വിധിന്യായപ്രകാരം സൂചിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ അണക്കെട്ട് പെരിയാർ വന്യജീവി സങ്കേതത്തിൽ ആയതിനാൽ ടി പദ്ധതിക്ക് പാരിസ്ഥിതികാനുമതി (Environmental Clearance) ആവശ്യമാണ്. പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിനായി (Environmental Impact Assessment (EIA) Study) കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2018 സെപ്റ്റംബർ 14-ന് പരിസ്ഥിതി ആഘാത പഠനത്തിനുള്ള Terms of Reference (ToR)-ന് നിബന്ധനകളോടെ അംഗീകാരം നൽകുകയും EIA പഠനം പുരോഗമിച്ച് വരികയും ചെയ്യുന്നു. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ DPR പുതുക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ.-വിന്റെ അദ്ധ്യക്ഷതയിൽ 12-2-2021-ലെ സ.ഉ. (സാ.ധാ) നമ്പർ 102/2021/ജ.വി.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കി വരുന്നത്. പ്രസ്തുത കമ്മിറ്റി, യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള നടപടി സ്വീകരിക്കുകയും DPR പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം 2018 നവംബർ 14-ന് ഇറക്കിയ ഉത്തരവ് നമ്പർ J-12011/22/2018-IA-I പ്രകാരം EIA പഠനത്തിനുള്ള ToR അംഗീകാരം നിബന്ധനകളോടെ ലഭിക്കുകയുണ്ടായി. പ്രസ്തുത ToR-ന്റെ കാലാവധി 4 വർഷമാണ്. EIA പഠനം കൺസൾട്ടന്റ് വഴി പുരോഗമിച്ചുവരുന്നു.